ഉത്തരം:

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു ശേഷം 5/86 വരെ ടെലഫോൺ ചാർജ്ജിനത്തിൽ ഓരോ മന്ത്രിക്കും ചെലവായ തുക അനുബന്ധമായി കൊടുത്തിരിക്കുന്നു.*

മന്ത്രിമാർ വിമാനയാത്രക്കൂലി ഇനത്തിൽ ചെലവാക്കിയ സംഖ്യ

9 [11] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 10–6–1986 വരെ ഓരോ മന്ത്രിയ്ക്കും വിമാനയാത്രക്കൂലിയിനത്തിലും ഡി.എ. ഇനത്തിലും ചെലവാക്കിയ സംഖ്യയുടെ വിശദവിവരം പറയാമോ;

(ബി) ഏതെല്ലാം മന്ത്രിമാർ ഹെലികോപ്റ്റർ യാത്ര നടത്തിയെന്നും അതിനുവേണ്ടി ഖജനാവിൽനിന്ന് വന്ന ചെലവ് എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം [illegible] വരുന്നു.

(ബി) മുഖ്യമന്ത്രി [illegible] ഔദ്യോഗികമായി 25 തവണയും ഒരു പ്രാവശ്യം വ്യക്തിപരമായ ആവശ്യത്തിനും ഹെലികോപ്റ്റർ യാത്ര നടത്തിയിട്ടുണ്ട്.

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ഒരിക്കൽ ഹെലികോപ്റ്റർ ഉപയോഗിച്ചു.

ആകെ ചെലവിനെപ്പറ്റിയുള്ള വിവരം ശേഖരിച്ചുവരുന്നു.

പേഴ്സണൽ സ്റ്റാഫിന്റെ ടെലിഫോൺ ചാർജ്

10 [12] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 31–5–1986 വരെ ഓരോ മന്ത്രിയുടെ പേർസണൽ സ്റ്റാഫിന്റെ ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവാക്കിയ തുക എത്ര;

(ബി) 1984–85, 1985–86 വർഷങ്ങളിൽ ഓരോ മന്ത്രിയുടേയും പേഴ്സണൽ സ്റ്റാഫിന്റെ ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവു ചുരുക്കലിന്റെ ഫലമായി കുറവുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര വീതം?

ഉത്തരം

(എ) ഈ മന്ത്രി സഭ അധികാരത്തിൽ വന്നതിനുശേഷം 31–1–1985 വരെ ഓരോ മന്ത്രിയുടേയും പേഴ്സണൽ സ്റ്റാഫിലെ ഉദ്യോഗസ്ഥൻമാർക്ക് ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവായ തുക

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

8–3–1985–ൽ നക്ഷത്രചിഹ്നമിടാത്ത 27–ാം നമ്പർ ചോദ്യത്തിനും 1–2–1985 മുതൽ 31–5–1985 വരെ ചെലവായ തുകയുടെ കണക്ക് 1–7–1985–ൽ നക്ഷത്രചിഹ്നമിടാത്ത 6–ാം നമ്പർ ചോദ്യത്തിനും 1–6–1985 മുതൽ 28–2–1986 വരെ ചെലവായ തുകയുടെ കണക്ക് 17–3–1986–ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 11–നും ഉത്തരമായി നൽകിയിട്ടുണ്ട്.

28–2–1986–നു ശേഷം 31–5–1986 വരെയുള്ള ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവായ തുകയുടെ കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ബി) ചെലവു ചുരുക്കലിന്റെ ഫലമായി ടെലിഫോൺ ചാർജ്ജിനത്തിൽ കുറവുണ്ടായതായി കാണുന്നില്ല.

(സി) ബിയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയുടെ താമസ സ്ഥലത്തെ ടെലിഫോൺ ചാർജ്ജ്

11 [15] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1–1–1985 മുതൽ 31–12–1985 വരെയുള്ള കാലയളവിൽ ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ശ്രീ. സ്വാമിനാഥന്റെ താമസസ്ഥലത്തുള്ള ഔദ്യോഗിക ടെലിഫോണിന്റെ ടെലിഫോൺ ചാർജ്ജിനത്തിൽ സർക്കാർ അടച്ച തുക എത്ര;

(ബി) പ്രസ്തുത കാലത്തെ ഓരോ ബില്ലിന്റെയും തുകയും ബിൽ നമ്പരും പ്രത്യേകം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 79,307 രൂപ.

(ബി) ഓരോ ബില്ലിന്റെ തുകയും ബിൽ നമ്പരും അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയുടെ ഓഫീസ് ടെലിഫോൺ ചാർജ്ജ്

12 [16] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1–1–1985 മുതൽ 31–12–1985വരെയുള്ള കാലയളവിൽ ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ശ്രീ. സ്വാമിനാഥന്റെ സെക്രട്ടേറിയേറ്റിലെ ഔദ്യോഗിക ടെലിഫോണിന്റെ ടെലിഫോൺ ചാർജ്ജിനത്തിൽ അടച്ച തുക എത്ര;

(ബി) ഓരോ ബില്ലിന്റെയും തുക പ്രത്യേകം വെളിപ്പെടുത്താമോ?

* അനുബന്ധം IV

* അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

	മന്ത്രി	ചെലവായ തുക
10.	ശ്രീ. കെ.പി. മുഹമ്മദീൻ, വനം വകുപ്പ് മന്ത്രി	28,304.60
11.	ശ്രീ. പി.കെ. വേലായുധൻ, സാമൂഹ്യ വികസന വകുപ്പു മന്ത്രി	11,183.00
12.	ശ്രീ. കെ. ശിവദാസൻ, തൊഴിൽ വകുപ്പു മന്ത്രി	7,180.00
13.	ശ്രീ. സി.എം. സുന്ദരം, തദ്ദേശ സ്വയംഭരണം	14,882.00
14.	ശ്രീ. എൻ. ശ്രീനിവാസൻ, എക്സൈസ് വകുപ്പു മന്ത്രി	14,014.00
15.	ശ്രീ. വയലാർ രവി, ആഭ്യന്തരവകുപ്പു മന്ത്രി	16,929.00
16.	ശ്രീ. യു.എ. ബീരാൻ, ക്ഷീരവകുപ്പു മന്ത്രി	11,318.00

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 10 (12) കാണുക]

1–3–1986– മുതൽ 31–5–1986 വരെ ടെലിഫോൺ ചാർജ്ജിനത്തിൽ പേഴ്സണൽ സ്റ്റാഫിനു ചെലവായ തുക:

	മന്ത്രി	ചെലവായ തുക
1.	ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി	46,980.00
2.	ശ്രീ. കെ. അവുക്കാദർകുട്ടി നഹ, ഉപമുഖ്യമന്ത്രി	30,438.00
3.	ശ്രീ. ഇ. അഹമ്മദ്, വ്യവസായ വകുപ്പു മന്ത്രി	3,706.50
4.	ശ്രീ. സുന്ദരൻ നാടാർ, ഗതാഗതവകുപ്പു മന്ത്രി	7,878.00
5.	ശ്രീ. എ.എൽ. ജേക്കബ്ബ്, കൃഷിവകുപ്പു മന്ത്രി	4,146.00
6.	ശ്രീ. റ്റി.എം. ജേക്കബ്, വിദ്യാഭ്യാസ വകുപ്പു മന്ത്രി	5,843.00
7.	ശ്രീ. പി.ജെ. ജോസഫ്, റവന്യൂ വകുപ്പു മന്ത്രി	8,780.00
8.	ശ്രീമതി എം. കമലം, സഹകരണ സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി	8,785.00
9.	ശ്രീ. കെ.എം. മാണി, ധനകാര്യവകുപ്പു മന്ത്രി	3,410.50
10.	ശ്രീ. കെ.പി. നൂറുദ്ദീൻ, വനംവകുപ്പു മന്ത്രി	8,304.00
11.	ശ്രീ. പി.കെ. വേലായുധൻ, സാമൂഹ്യ വികസന വകുപ്പു മന്ത്രി	00
12.	ശ്രീ. കെ. ശിവദാസൻ, തൊഴിൽ വകുപ്പു മന്ത്രി	
13.	ശ്രീ. എൻ. ശ്രീനിവാസൻ, എക്സൈസ് വകുപ്പു മന്ത്രി	
14.	ശ്രീ. സി.എം. സുന്ദരം, തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി	
15.	ശ്രീ. യു.എ. ബീരാൻ, ക്ഷീരവകുപ്പു മന്ത്രി	11

LIBRARY ARCHIVES Kerala Legislative Assembly